പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.37 — 8.2.2016 ൽ മറുപടിയ്ക്ക്

**കരുതൽ 2015 പദ്ധതി**

**ചോദ്യം** — **മറുപടി**

ശ്രീ.പി.കെ.ഗുരുദാസൻ — ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| എ) കരുതൽ 2015 - ന്റെ ഭാഗമായി കൊല്ലത്തിന് വേണ്ടി പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദമാക്കുമോ ; | എ) കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച 10 പദ്ധതികളിലും നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) കോടതി സമുച്ചയത്തിന് സ്ഥലം കണ്ടെത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) ഇക്കാര്യത്തിൽ കോടതിയിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) പുള്ളിക്കട കോളനിക്ക് റെയിൽവേയിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | സി) ഇക്കാര്യത്തിൽ ലാന്റ് വാല്യു സംബന്ധിച്ച വിശദമായ റിപ്പോർട്ട് റെയിൽവേ ഡിവിഷനൽ മാനേജർക്ക നൽകിയിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല |
| ഡി)കയർ-മത്സ്യമേഖലയ്ക്ക് പ്രഖ്യാപിച്ച പ്രത്യേക പദ്ധതി എന്തെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ? | ഡി) കയർ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പ്രത്യേക പദ്ധതികളായ തൊണ്ട് സംഭരണത്തിനും ചകിരി ഉത്പാദനത്തിനും കൊല്ലം കയർ പ്രോജക്റ്റ് ഓഫീസിന്റെ പരിധിയിലുള്ള അഞ്ചു സംഘങ്ങൾക്ക് മിനി ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിക്കുവാനുള്ള ധനസഹായം നൽകിയിട്ടുണ്ട്. എ.എസ്.എം ഇലക്ട്രോണിക് റാട്ടുകൾ, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങൾക്ക് സൗജന്യമായി അനുവദിക്കാനും പദ്ധതിക്കുവേണ്ടി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

Kulakunh

സെക്ഷൻ ഓഫീസർ